പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 296** | **12-10-2026-ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത വർധിപ്പിക്കുന്നതിന് ദീർഘകാല കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ; തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി ദീർഘകാല കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

‘ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറകടറുടെ ആഫീസിൽ നിന്നും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി, ആയത് നടപ്പിലാ ക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നികുതിദായകരുടെ സൗകര്യാർത്ഥം നികുതി കുടിശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വരുന്നു.എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നികുതി ദായകരുടെ സൗകര്യാർത്ഥം നികുതി അടവാക്കുന്നതിന് GPAY, PHONE PAY, PAYTM സംവിധാനം സജ്ജീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയിൽ നിന്നുള്ള വാടക കൃത്യമായി പരിഷ്കരിക്കുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.കൂടാതെ കെട്ടിടങ്ങളുടെ ക്രമവത്കരണങ്ങളിലൂടെ അധിക വരുമാനം കണ്ടെത്തുന്ന കാര്യം പരിശോധനയിലാണ്.’

**(ബി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കാൻ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**മറുപടി:** നികുതി പിരിവ് പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനായി IKM (Information Kerala Mission) വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ കൂടുതൽ നവീകരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി

പ്രത്യേക നികുതി പിരിവ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു.വിട്ടുപോയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി ജി.ഐ.എസ് (GIS) മാപ്പിംഗ് അധിഷ്ഠിത പരിശോധനകൾ വ്യാപിപ്പിക്കുന്നു. വിട്ടുവീഴ്ചയില്ലാതെ കുടിശ്ശികക്കാർക്കെതിരെ നിയമപരമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** സാമ്പത്തികമായി പ്രതിസന്ധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ പ്രത്യേക പാക്കേജ് പരിഗണിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

**മറുപടി:** സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കാൻ നിലവിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ (State Finance Commission) ശുപാർശകളുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രാൻറുകളും ഫണ്ടുകളും അനുവദിക്കുന്നുണ്ട്

**സെക്ഷൻ ഓഫീസർ**

പതിനാറാം കേരളം നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 296 12.10.2026 ൽ മറുപടിയ്ക്ക്

**(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത)**

| ചോദ്യം<br>**ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. മനോജ് മൂത്തേടൻ<br>ശ്രീ. ജ്യോതികുമാർ ചാമക്കാല<br>ശ്രീ. സുമേഷ് അച്ചുതൻ :** | | മറുപടി<br>**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി<br>ശ്രീ. കെ. എം. ഷാജി** | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത വർധിപ്പിക്കുന്നതിന് ദീർഘകാല കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ; തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനായി ദീർഘകാല കർമ്മപദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട് . തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറകടറുടെ ആഫീസിൽ നിന്നും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി, ആയത് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻ ഡയറക്ടർമ ാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.എല്ലാ തദ്ദേശ സ്ഥാപനങ്ങളില ു ം നികുതിദായകരുടെ സൗകര്യാർത്ഥം നികുതി കുടിശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വരുന്നു.എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നികുതി ദായകരുടെ സൗകര്യാർത്ഥം നികുതി അടവാക്കുന്നതിന് GPAY, PHONE PAY, PAYTM സംവിധാനം സജ്ജീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങ |

| | | | |
|---|---|---|---|
| | | | ളുടെ കീഴിലുള്ള കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയിൽ നിന്നുള്ള വാടക കൃത്യമായി പരിഷ്കരിക്കുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കെട്ടിടങ്ങളുടെ ക്രമവത്കരണങ്ങളിലൂടെ അധിക വരുമാനം കണ്ടെത്തുന്നകാര്യം പരിശോധനയിലാണ് |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് കാര്യക്ഷമമാക്കാൻ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | നികുതി പിരിവ് പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിനായി '**IKM (Information Kerala Mission)**' വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ കൂടുതൽ നവീകരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങൾ കൂടുതൽ ജനകീയമാക്കി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രത്യേക നികുതി പിരിവ് ഡ്രൈവുകൾ സംഘടിപ്പിക്കുന്നു.<br><br>വിട്ടുപോയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനായി ജി.ഐ.എസ് (**GIS**) മാപ്പിംഗ് അധിഷ്ഠിത പരിശോധനകൾ വ്യാപിപ്പിക്കുന്നു . വിട്ടുവീഴ്ചയില്ലാതെ കുടിശ്ശികക്കാർക്കെതിരെ നിയമപരമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സാമ്പത്തികമായി പ്രതിസന്ധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ പ്രത്യേക പാക്കേജ് പരിഗണിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കാൻ നിലവിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ (**State Finance Commission**) ശുപാർശകളുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രാന്റുകളും ഫണ്ടുകളും അനുവദിക്കുന്നുണ്ട് |

**#ApprovedByName#**

**#ApprovedByDesignation#**